DEPARTMENT OF CATECHESIS
Archdiocese of Ernakulam - Angamaly
Renewal Centre, Kaloor, Kochi - 17, Ph: 0484 – 2346628
E-mail:catechismernakulam@gmail.com, Website: www.catechismernakulam.com

**പ്രിയ ബഹു. അച്ചാ/ ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ്,**

## ഡിപ്ലോമ (2016–2018)പരീക്ഷാ ഫലങ്ങൾ

2018 ജനുവരി 28-ാം തിയതി നടത്തിയ വേദപാഠ ഡിപ്ലോമ (Std. XII) പരീക്ഷാ ഫലങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു. A+ നേടിയ കുട്ടികളുടെ ലിസ്റ്റാണ് ഇതോടൊപ്പം ചേർത്തിരിക്കുന്നത്. പരീക്ഷയിൽ സംബന്ധിച്ച ഓരോരുത്തരുടെയും വിശദമായ മാർക്കും വിവരങ്ങളും അറിയാൻ കാറ്റിക്കോർപ്പ് പാരീഷ് ലോഗിൻ തുറന്ന് add exam details / Students Register std XII പരിശോധിക്കുക.

ഡിപ്ലോമ കോഴ്സ് രണ്ടുവർഷത്തെ പഠന പരിപാടിയാണല്ലോ.

1. ഇതിലേക്ക് പ്രവേശിക്കാൻ വേണ്ട അടിസ്ഥാന യോഗ്യത പത്താം ക്ലാസ് (വേദപഠന സർട്ടിഫിക്കറ്റു പരീക്ഷ) പാസാകുക എന്നതാണ്. അങ്ങനെ അല്ലാത്തവർ കോഴ്സിൽ സംബന്ധിച്ചാലും റിസൽട്ട് ഇൻകംപ്ലീറ്റ് എന്നേ കാണൂ.
2. കോഴ്സിന് 60% ഹാജർ ആവശ്യമാണ്. ഇത് ഇല്ലാതിരുന്നാൽ ജയിക്കാൻ മാർക്കുണ്ടായാലും റിസൽട്ട് ഇൻകംപ്ലീറ്റ് ആയിരിക്കും. അവരുടെ ഹാജറിന്റെ നിലവാരമനുസരിച്ച് വീണ്ടും ക്ലാസിൽ ഇരിക്കുകയോ, അവധിക്കാലത്ത് പ്രത്യേകം ക്ലാസുകൾ നടത്തുകയോ ചെയ്യുക. ഈ കാര്യത്തിൽ എന്തുചെയ്യണം എന്ന് വികാരി അച്ചൻ തീരുമാനിക്കും. എന്നാൽ കൃത്യമായി ക്ലാസിൽ വന്ന മറ്റുകുട്ടികൾക്ക് ഉതപ്പുണ്ടാവുന്നതാവരുത് തീരുമാനങ്ങൾ. മറ്റുകുട്ടികളെപ്പോലെ ഹാജർ പൂർണമാകുമ്പോൾ (60%) വികാരി അച്ചന്റെ കത്തുമായി അതിരൂപതാകേന്ദ്രത്തിലെത്തി സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.
3. നാലു കാര്യങ്ങളാണ് ഡിപ്ലോമ കോഴ്സിലുള്ളത്. ഡിപ്ലോമ ഒന്നാം വർഷ പരീക്ഷ (100), രണ്ടാം വർഷ പരീക്ഷ (100), സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാം (25), അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം (25). എല്ലാറ്റിനും കൂടി 250 ൽ 88 മാർക്കെങ്കിലും കിട്ടുകയും (35%), രണ്ടാം വർഷ പരീക്ഷയിൽ ഓരോ സെമസ്റ്ററിലും 40 ൽ 14 മാർക്കും ഇന്റേണൽ അസസ്സ്മെന്റ് 10 ൽ 4 മാർക്കും, 60% ഹാജർ ഉണ്ടായിരിക്കുകയും ചെയ്യുന്നവരാണ് പ്രമോട്ട് ചെയ്യപ്പെടുക. എല്ലാം കൂടി 88ൽ അധികം മാർക്ക് ഉണ്ടായിരിക്കുകയും ഏതെങ്കിലും ഒന്നിൽ പങ്കെടുക്കാതിരിക്കുയോ, രണ്ടാം വർഷ പരീക്ഷയിൽ ഏതെങ്കിലും സെമസ്റ്ററിൽ മാർക്ക് കുറയുകയോ ചെയ്താൽ റിസൽട്ട് പൂർണമാവില്ല.

## പുനഃപരീക്ഷ

ഡിപ്ലോമ കോഴ്സിൽ ഏതെങ്കിലും സെമസ്റ്ററിലെ പരീക്ഷയിൽ തോറ്റവർക്കും, പങ്കെടുക്കാൻ സാധിക്കാതിരുന്നവർക്കും വേണ്ടിയുള്ള പുനഃപരീക്ഷ 2018 മെയ് 18 വെള്ളിയാഴ്ച നടക്കും. ഒന്നാം വർഷ (പ്ലസ്സ് വൺ) പരീക്ഷ രാവിലെ 10 മുതൽ 12 വരെയും രണ്ടാം വർഷ (പ്ലസ്സ് ടു) പരീക്ഷ ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയും കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ബഹുമാനപ്പെട്ട **വികാരി അച്ചന്റെ കത്തോടുകൂടി 2018 മെയ് 5-ാം തിയതിക്കകം പേര് രജിസ്റ്റർചെയ്യണം.**

യൂണിറ്റുകളിൽ റിസൽട്ട് പരിശോധിക്കുമ്പോൾ ഇൻകംപ്ലീറ്റ് ആയി വന്നിരിക്കുന്നവർ മേൽപറഞ്ഞ ഏതു കാരണത്താലാണ് അങ്ങനെ വന്നത് എന്നു പരിശോധിക്കുകയും അത് അവരെ അറിയിക്കുകയും ചെയ്യുക. അത് പരിഹരിക്കപ്പെടുമ്പോൾ ബഹു വികാരി അച്ചന്റെ കത്തുമായി അതിരൂപതയിലെത്തി സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്. ഉദാഹരണമായി ഔട്ട് റീച്ച് പ്രോഗ്രാമിനു പോകാത്തകുട്ടി അടുത്തവർഷം മറ്റുകുട്ടികൾക്കൊപ്പം അതിനുപോയി റിപ്പോർട്ട് അവതരിപ്പിച്ച് കോഴ്സ് കംപ്ലീറ്റ് ചെയ്യണം.

ഏറ്റം സ്നേഹത്തോടെ,

ഡയറക്ടർ,
ഫാ. ഡോ. ജോയ്സ് കൈതക്കോട്ടിൽ

# DIPLOMA COURSE 2016-2018 A+ HOLDERS

(250 ൽ 225 ഉം അതിലധികവും മാർക്ക്)

| Sl.No. | Reg. No. | Name | Parish |
|---|---|---|---|
| 1 | 0101025935 | ARACKAL MARTIN MABLE | Akaparambu |
| 2 | 0408027526 | PUTHENPURACKAL RAJAN ANNA | Kadavanthra |
| 3 | 0502027802 | MULAVARICKAL JOSE JOMOL | Edanad |
| 4 | 0502027798 | THETTAYIL PAUL BINCY | Edanad |
| 5 | 0518028357 | PERUMAYAN POLY DIVYA | Rajagiri |
| 6 | 0522027945 | AMEPARAMBIL CARLMAN CAMILA | Vimalagiri |
| 7 | 0604028443 | THEKKAYIL AIROOKKARAN ANTONY ANMARIA | Edakkunnu |
| 8 | 0604028462 | PYNADATH PAPPACHAN IRIN | Edakkunnu |
| 9 | 0704028826 | MUTTATHOTTIL JOY MERIN | Chittanad |
| 10 | 0801029366 | THELEKKAT JOY MARIYA | Annanad |
| 11 | 0801029368 | IYYANAN VARGHESE ANGEL ROSE | Annanad |
| 12 | 0917029789 | PALATTY KOONATHAN AUGUSTINE ANITTA | Vathakkad |
| 13 | 0918029767 | THELAPILLY DAVIS ESTHER | Yordhanapuram |
| 14 | 0918029769 | KANNAPPILLY JAISON MARIYA | Yordhanapuram |
| 15 | 1101030434 | CHIRACKAL MANAVALAN DAVIS DONA | Airoor |
| 16 | 1115030367 | MAZHUVANCHERY PARAMBATHU JOSE ANNMARY | Moozhikkulam |
| 17 | 1115030369 | MOONJELY JOPHY SNEHAL | Moozhikkulam |
| 18 | 1114030512 | KACHAPPILLY ANTONY BENSON | Mallussery |
| 19 | 1316031259 | AKKANATH JOY JIYA | Nedungad |
| 20 | 1320031303 | KUZHUPPILLY VARGHESE KEERTHY | Kottakkavu |